"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ജില്ലയിലെ കാവുണ്ടിക്കൽ ഗവ:ട്രൈബൽ സ്കൂളിലെ എൽ.പി.എസ്.ടി ആയിരിക്കെ അന്തരിച്ച രാജേന്ദ്രൻ എം.-ന്റെ ആശ്രിതനായ മകൻ ശ്രീ.രംഗനാഥൻ ആർ-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ആർ) വകുപ്പ്**

സ.ഉ.(കൈ) നം.53/2025/GEDN തീയതി,തിരുവനന്തപുരം, 04-04-2025

പരാമർശം:- 1. 24.5.1999-ലെ സ.ഉ.(അ) നം. 12/99/ഉ.ഭ.പ.വ

2. 7.1.2018 ലെ സ.ഉ (അ) നം. 1/2018/ഉ.ഭ.പ.വ

3. 28.04.2018-ലെ സ.ഉ. (അ) നം.7/2018/ഉ.ഭ.പ.വ

4. പൊതുവിദ്യാഭ്യാസ (സി) വകുപ്പിന്റെ 11/02/2020-ലെ സി1/145/2019/പൊവിവ. നമ്പർ കത്ത്.

5. ശ്രീ.രംഗനാഥൻ ആർ 20.07.2021 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.02.2023 തീയതിയിലെ എ(4)/9474/2022/ഡി.ജി.ഇ നമ്പർ കത്ത്.

7. 14.07.2023 -ലെ സ.ഉ (അ)നം.12/2023/ഉ.ഭ.പ.വ

8. പാലക്കാട് ജില്ലാ കളക്ടറുടെ 07.12.2023, 03.08.2024, 21.02.2025 തീയതികളിലെ ഡിസിപികെഡി/3962/2023-എ3 നമ്പർ കത്തുകൾ.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കാവുണ്ടിക്കൽ ഗവ:ട്രൈബൽ സ്കൂളിലെ എൽ.പി.എസ്.ടി ആയിരിക്കെ 15.01.2017-ൽ അന്തരിച്ച രാജേന്ദ്രൻ എം.-ന്റെ ആശ്രിതനായ മകൻ ശ്രീ.രംഗനാഥൻ ആർ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ പാലക്കാട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി പരാമർശം (5) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരിശോധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറും പാലക്കാട് ജില്ലാ കളക്ടറും യഥാക്രമം പരാമർശം (6), (8) പ്രകാരം നിയമനത്തിന് ശിപാർശ ചെയ്തിട്ടുണ്ട്.

2. കാവുണ്ടിക്കൽ ഗവ:ട്രൈബൽ സ്കൂളിലെ എൽ.പി.എസ്.ടി ആയിരിക്കെ രാജേന്ദ്രൻ എം 15.01.2017-ൽ അന്തരിച്ചു. 22.09.2010-ൽ സർവീസിൽ പ്രവേശിച്ച ടിയാന് 06 വർഷം 03 മാസം 24 ദിവസവും സർവീസുണ്ട്. ശ്രീ.രംഗനാഥൻ ആർ പരേതന്റെ നിയമാനുസൃത അവകാശിയാണ്. പരേതന്റെ മറ്റു അവകാശികൾ ആശ്രിത നിയമനത്തിനുള്ള അവകാശം അപേക്ഷകനു നൽകിക്കൊണ്ട് സമ്മതപത്രം നൽകിയിട്ടുണ്ട്. അപേക്ഷകന്റെ ജനനത്തീയതി 14.03.2001 ആണ്.

അപേക്ഷകൻ എസ്.എസ്.എൽ.സി വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ളതും ഇപ്പോൾ 23 വയസ്സ് പൂർത്തിയായിട്ടുള്ളതുമാണ്. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 1,63,200/- രൂപയാണ് (ഒരു ലക്ഷത്തി അറുപത്തിമൂന്നായിരത്തി ഇരുന്നൂറ് രൂപ മാത്രം).

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിനും അനുബന്ധ ഉത്തരവുകൾക്കും വിധേയമായി, ഉദ്യോഗാർത്ഥിയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, മെഡിക്കൽ ഫിറ്റ്നസ് എന്നിവ നിലവിലുള്ള ചട്ടങ്ങളുടെയും നിയമാവലിയുടെയും അടിസ്ഥാനത്തിൽ നിയമനാധികാരി പരിശോധിച്ചു ഉറപ്പ് വരുത്തണമെന്ന വ്യവസ്ഥയിലും ആശ്രിത നിയമനങ്ങൾ ഓരോ വർഷവും വകുപ്പിലുണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% ൽ കൂടുതലാകരുതെന്ന അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (4) കത്തിലെ വസ്തുതകൾക്ക് വിധേയമായും പാലക്കാട് ജില്ലയിലെ കാവുണ്ടിക്കൽ ഗവ:ട്രൈബൽ സ്കൂളിലെ എൽ.പി.എസ്.ടി ആയിരിക്കെ അന്തരിച്ച രാജേന്ദ്രൻ എം-ന്റെ ആശ്രിതനായ മകൻ ശ്രീ.രംഗനാഥൻ ആർ-ന് (റാം വിഹാർ, ദാസന്നൂർ, മട്ടത്തുകാട് പി.ഒ, അട്ടപ്പാടി, പാലക്കാട് 678 581) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ പാലക്കാട് ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവിലോ ഇനി ഉണ്ടാകുന്ന ഒഴിവിലോ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചപ്പോഴോ ഈ വകുപ്പിൽ നിന്നും അന്വേഷണം നടത്തിയപ്പോഴോ എന്തെങ്കിലും വസ്തുതകൾ മറച്ചു വയ്ക്കുകയോ തെറ്റായി ബോധിപ്പിക്കുകയോ ചെയ്തതായി പിന്നീട് ബോധ്യമാകുന്ന പക്ഷം ഏതു സമയത്തും ഈ ഉത്തരവ് റദ്ദ് ചെയ്യുന്നതാണ്.

5. ഇത് സംബന്ധിച്ച നിയമന ഉത്തരവ് നൽകുവാനുള്ള നടപടി പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതും ശ്രീ.രംഗനാഥൻ ആർ -ന്റെ നിയമനം സംബന്ധിച്ച വിവരങ്ങൾ പരേതനായ ജീവനക്കാരന്റെ (രാജേന്ദ്രൻ എം, ഗവ:ട്രൈബൽ സ്കൂൾ, കാവുണ്ടിക്കൽ, പാലക്കാട്) സേവന പുസ്തകത്തിലും ടിയാൻ അവസാനം സേവനമനുഷ്ഠിച്ച എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും യഥാവിധി രേഖപ്പെടുത്തേണ്ടതും ആയത് ഓഫീസ് മേധാവി/വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

6. പരാമർശം (7) പ്രകാരം ആശ്രിതനിയമന അപേക്ഷയ്ക്കൊപ്പം സമർപ്പിക്കുന്ന സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്നപക്ഷം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനുള്ള സമ്മതപത്രം അപേക്ഷകന്റെ പക്കൽ നിന്ന് നിയമനാധികാരി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR D
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, പാലക്കാട്
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ഹെഡ് മാസ്റ്റർ, ഗവ:ട്രൈബൽ സ്കൂൾ, കാവുണ്ടിക്കൽ, പാലക്കാട്
ശ്രീ.രംഗനാഥൻ ആർ, റാം വിഹാർ, ദാസന്നൂർ, മട്ടത്തുകാട് പി.ഒ, അട്ടപ്പാടി, പാലക്കാട് 678 581

(അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ അസ്സൽ, മരണ സർട്ടിഫിക്കറ്റിന്റെ അസ്സൽ എന്നിവ സഹിതം) (By Registered Post)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Somaraj K G
സെക്ഷൻ ഓഫീസർ
Date: 04-04-2025 16:21:25

*പകർപ്പ്: പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്*